**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 380** **22-02-2022 - ൽ മറുപടിയ്ക്ക്**

**ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാപകമായി ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. ഈ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ എല്ലാ പ്രധാന റോഡുകളിലും സംസ്ഥാന അതിർത്തി പങ്കിടുന്ന ജില്ലകളിൽ ബോർഡർ പട്രോളിങ്ങും, വാഹന പരിശോധനകളും നടത്തി ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിച്ചു വരുന്നു. കൺട്രോൾ റൂമിൽ ലഭിക്കുന്ന പരാതികൾ തത്സമയം തന്നെ സ്ട്രൈക്കിംഗ് ഫോഴ്സ്/ ബോർഡർ പട്രോളിംഗ് പാർട്ടി/ സബ്- ഓഫീസുകൾ എന്നിവയ്ക്ക് കൈമാറി സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി വസ്തുക്കളുടെ കടത്ത്, വിതരണം എന്നിവ തടയുന്നതിനായി ജില്ലകളിൽ എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തിച്ചുവരുന്നതോടൊപ്പം എല്ലാ ചെക്ക് പോസ്റ്റുകളിലും സി.സി.ടി.വി. ക്യാമറ ഉൾപ്പെടെയുള്ളവ സ്ഥാപിച്ച് പരിശോധന നടത്തി മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരി കടത്ത് ഫലപ്രദമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ട്രെയിൻ മാർഗ്ഗമുള്ള ലഹരി മരുന്നുകളുടെ കടത്ത് തടയുന്നതിനായി ആർ.പി.എഫുമായി ചേർന്നും, തീരദേശ പോലീസ് സേനയുമായി ചേർന്നും പരിശോധനകളും കടൽ പട്രോളിംഗും നടത്തിവരുന്നു.<br>സംസ്ഥാനമൊട്ടാകെയുള്ള മയക്ക് മരുന്ന് കടത്ത്, |

| | | | |
|---|---|---|---|
| | | | വിപണനം ഇവ സംബന്ധിച്ചുള്ള രഹസ്യവിവരങ്ങൾ ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും, സ്റ്റേറ്റ് എക്സൈസ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. ലഹരി വസ്തുക്കളുടെ ഉപയോഗവും വ്യാപനവും തടയുന്നതിന് സ്കൂൾ/കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനായി സ്കൂളുകളിൽ "ഉണർവ്വ്" എന്ന പേരിലും, കോളേജ് ക്യാമ്പസുകളിൽ "നേർക്കൂട്ടം" എന്ന പേരിലും, കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ സാമൂഹിക-സാംസ്കാരിക പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, അംഗൻവാടി-ആശാപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും പരാതികളും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനും, ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആദിവാസി മേഖലയിൽ ബോധവൽക്കരണ ക്ലാസ്സുകളും മറ്റും സംഘടിപ്പിച്ച് 'ലഹരി മുക്ത ഗ്രാമം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | കഴിഞ്ഞ ഒരു വർഷത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മയക്കുമരുന്ന് കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ബി) | ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ജില്ല | കേസുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 271 |
| 2 | കൊല്ലം | 223 |
| 3 | പത്തനംതിട്ട | 182 |
| 4 | ആലപ്പുഴ | 210 |
| 5 | കോട്ടയം | 250 |
| 6 | ഇടുക്കി | 372 |
| 7 | എറണാകുളം | 540 |
| 8 | തൃശ്ശൂർ | 447 |
| 9 | പാലക്കാട് | 293 |
| 10 | മലപ്പുറം | 304 |
| 11 | കോഴിക്കോട് | 130 |
| 12 | വയനാട് | 240 |
| 13. | കണ്ണൂർ | 383 |
| 14. | കാസർഗോഡ് | 77 |

സെക്ഷൻ ഓഫീസർ